## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2137

26.03.2013- ലെ മറുപടിക്ക്

### സഹകരണ മേഖലയിലെ നിക്ഷേപ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.സി. വിഷ്ണുനാഥ്:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ.ജോസഫ് വാഴക്കൻ:<br>ശ്രീ.കെ. ശിവദാസൻ നായർ: | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) മുൻസർക്കാരിന്റെ കാലാവധി അവസാനിച്ചപ്പോൾ സഹകരണ മേഖലയിലെ ആകെ നിക്ഷേപം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലാവധി അവസാനിച്ചപ്പോൾ സഹകരണ മേഖലയിലെ നിക്ഷേപം 68409.15 കോടി രൂപയായിരുന്നു. |
| ബി) സഹകരണ മേഖലയിലെ 31.12.2012-ലെ ആകെ നിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 31.12.2012 ലെ ആകെ നിക്ഷേപം 94462.93 കോടി രൂപയാണ്. |
| സി) സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | സഹകരണ നിക്ഷേപ രംഗം ശക്തിപ്പെടുത്താൻ നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ നിക്ഷേപകരുടെ വിശ്വാസം ആർജിക്കുന്നതിനും കൂടുതൽ നിക്ഷേപം സ്വരൂപിക്കുന്നതിനുമായി നിക്ഷേപ ഗ്യാരന്റി സ്കീം 2012 എന്ന ഒരു പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു. |
| ഡി) സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കുന്നതിന് റിസർവ്വ് ബാങ്കിന്റെ അനുമതി ആവശ്യമാണ്. ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ